കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നിറമരുതൂർ ഗ്രാമപഞ്ചായത്ത്

## 2018-19

## ഓഡിറ്റ് റിപ്പോർട്ട്

## ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/എം.പി.എം.16/7/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം
തീയതി.06-03-2020

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്).

പ്രസിഡന്റ്,
(സെക്രട്ടറി മുഖേന)
നിറമരുതൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :നിറമരുതൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്, Aims വെബ്സൈറ്റ് മുഖേന പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം

4)കാര്യാലയ പകർപ്പ്

എം.എ.5/2020

നം കെ.എസ്.എ.എം.പി.എം.16/7/2020 തിയ്യതി:06-03-2020

## മലപ്പുറം ജില്ലയിലെ നിറമരുതൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ നിറമരുതൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.10.2018 മുതൽ 18.11.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

--------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ആർ. അജിത്ത് ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

--------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 06.12.2019 മുതൽ 18.12.2019വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. ദിനേശൻ.എം | ഓഡിറ്റ് ഓഫീസർ |
| ശ്രീ.സണ്ണി.എം.യു | ഓഡിറ്റ് ഓഫീസർ |
| ശ്രീ.അബ്ദുറഷീദ്.എം.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.മുഹമ്മദ് നൗഷാദ്.എ.കെ | ഓഡിറ്റർ |

<u>ബി ) നിർവഹണാധികാരികൾ</u>

പ്രസിഡന്റ്

| | |
|---|---|
| വി.പി.സുഹറ | 01.04.2018 മുതൽ 31.03.2019 വരെ |

സെക്രട്ടറി

| | |
|---|---|
| എൻ.എം.ഷരീഫ് | 01.04.2018 മുതൽ 20.06.2018 വരെ |
| ജെമിനി.ഇ.സി,അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്) | 21.06.2018മുതൽ 22.07.2018 വരെ |
| ടി.കെ.ബാബു | 23.07.2018മുതൽ 31.03.2019 വരെ |

<u>മറ്റു നിർവഹണ ഉദ്യോഗസ്ഥർ.</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.റമീസ്.ടി.പി | 01.04.2018 മുതൽ 01.06.2018വരെ |
| | ഡോ.സൂര്യനാരായണൻ | 02.06.2018മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഡെൻസി.പി.സൈമൺ | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | അനിത.സി | 01.04.2018 മുതൽ 31.03.2019 വരെ |
| | സനകൃഷ്ണ വി.സി | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | സമീർ മുഹമ്മദ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ജസീന ഹമീദ് | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ഒഴിവ് | 01.04.2018 മുതൽ 21.05.2018 വരെ |
| | ജെമിനി.ഇ.സി | 22.05.2018 മുതൽ 31.03.2019 FN വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.ഫാത്തിമത്ത് സുഹറ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ്എഞ്ചിനീയർ | മഞ്ജു.ജി | 01.04.2018 മുതൽ 31.03.2019 വരെ |
| | | |

| | | |
|---|---|---|
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശിവദാസൻ.പി.ആർ | 01.04.2018 മുതൽ 16.10.2018 FNവരെ |
| | സുരേഷ് ബാബു | 16.10.2018ANമുതൽ 29.03.2019 വരെ |
| | അംജദ്.കെ.പി.ഒ | 30.03.2019 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി. | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | ഡി&ഒ/ ഫാക്ടിയോസ് ലൈസൻസ് അപാകത | 1-12 |
| 13 | തൊഴിൽ നികുതി-ഈടാക്കിയില്ല / അപാകതകൾ | 1-13 |
| 14 | കെട്ടിട നിർമ്മാണം പൂർത്തിയായതു മുതലുള്ള വസ്തുനികുതി ഈടാക്കിയില്ല | 1-14 |
| 15 | 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകതകൾ. | 1-15 |
| 16 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ് - പ്രൊജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ | 1-16 |
| 17 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണിച്ചർ - പ്രൊജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ | 1-17 |
| 18 | വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കിൽ - പ്രവൃത്തി പൂർത്തിയാക്കാത്തത് സംബന്ധിച്ച്. | 1-18 |
| 19 | ഷ്രെഡ്ഡിംഗ് മെഷ്യൻ വാങ്ങൽ - പ്രൊജക്ടിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച് | 1-19 |
| 20 | പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല | 1-20 |
| 21 | പ്രീ മൺസൂൺ ക്ലീനിംഗ്- വിശദാംശം ലഭ്യമാക്കിയില്ല-ചെലവ് തടസ്സം ചെയ്യുന്നു. | 1-21 |
| 22 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന്- മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല . | 1-22 |
| 23 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം- നിർവ്വഹണത്തിലെ | 1-23 |

| | | |
|---|---|---|
| | അപാകതകൾ | |
| 24 | എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അനുവദനീയമായതിലും കൂടുതൽ തുക നൽകി | 1-24 |
| 25 | പരിരക്ഷ പദ്ധതി-മരുന്നുകൾ ലഭ്യമാക്കിയില്ല, അപാകതകൾ | 1-25 |
| 26 | പി.എച്ച്.സി-ക്ക് മരുന്ന് വാങ്ങൽ പദ്ധതി- മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല | 1-26 |
| 27 | ട്രഷറി ബിൽ ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയില്ല | 1-27 |
| | ഭാഗം -2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല. | |
| | ഭാഗം -3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 28 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ് - പ്രൊജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ | 3-1 |
| 29 | എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അനുവദനീയമായതിലും കൂടുതൽ തുക നൽകി | 3-2 |
| | ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 30 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 4-1 |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-2 |
| 32 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 34 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 35 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 36 | ഓഡിറ്റ് റിക്കവറി | 4-7 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 38 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം. | 4-9 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 41 | അനുബന്ധം: 1 ഓഡിറ്റ് സാക്ഷ്യപത്രം | |
| 42 | അനുബന്ധം: 2 ഓഡിറ്റഡ് അബ്സ്ട്രാക്റ്റ് | |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

24.032018 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 16.02.2019 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 24.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | 2018-19 |
|---|---|
| മുന്നിരിപ്പ് | 5940594 |
| വരവ് | 64265733 |
| ആകെ | 70206327 |
| ചെലവ് | 64500815 |
| നീക്കിയിരിപ്പ് | 5705512 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 16912000 | 16912000 | 15493687 | 1418313 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 3952000 | 3952000 | 3899100 | 52900 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 191000 | 191000 | - | 191000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 3270000 | 3270000 | 3122731 | 147269 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3493000 | 3493000 | 2562760 | 930240 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 7849000 | 7849000 | 6627341 | 1221659 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്-ഭരണം | 2582 | 639509 | 642091 | 445547 | 196544 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്-കൂലി | 0 | 10868770 | 10868770 | 10868770 | 0 |
| ബി ഫണ്ട് | 0 | 34822560 | 34822560 | 34822560 | 0 |
| ഐ.സി.ഡി.എസ് | 654201 | 785475 | 1439676 | 522343 | 917333 |
| പൈക്ക | 567084 | 20110 | 587194 | 0 | 587194 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 10635451 | 10635451 | 3265557 | 7369894 |
| സാക്ഷരത | 1295 | 46 | 1341 | 0 | 1341 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| സംയുക്ത പദ്ധതി-ബ്ലോക്ക് പഞ്ചായത്ത് | 0 | 2831000 | 2831000 | 2697940 | 133060 |
| സംയുക്ത പദ്ധതി-ജില്ലാ പഞ്ചായത്ത് | 5790 | 1605730 | 1611520 | 1582600 | 28920 |
| ടി.എസ്.സി | 1998630 | 42262 | 2040892 | 855322 | 1185570 |

കുറിപ്പ്:-സെക്രട്ടറി ലഭ്യമാക്കിയ പ്രഫോർമ പ്രകാരമുള്ള വിവരമാണ് ഖണ്ഡികയിൽ ചേർത്തിട്ടുള്ളത്. പ്രസ്തുത വരവുകൾക്ക് എ.സി.ആർ. സൂക്ഷിക്കുന്നില്ല.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 218 | 105083632 | 206 | 41082457 | 90 | 12 | 53% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2582 | 639509 | 642091 | 445547 | 196544 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 10868770 | 10868770 | 10868770 | 0 |
| ആകെ | 2582 | 11508279 | 11510861 | 11314317 | 196544 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 42360 | 23 |
| കർഷകതൊഴിലാളി പെൻഷൻ | 774400 | 56 |
| വിധവ പെൻഷൻ | 13567200 | 1089 |
| വാർദ്ധക്യകാല പെൻഷൻ | 15635900 | 1265 |
| വികലാംഗപെൻഷൻ | 4366800 | 346 |
| വിവാഹധനസഹായം | 150000 | 5 |
| | | |

| | | |
|---|---|---|
| 50 വയസ്സിനു മുകളിൽ അവിവാഹിത പെൻഷൻ | 209200 | 18 |
| നെല്ലുൽപ്പാദന ബോണസ് | 15700 | |
| മറ്റുള്ളവ | 61000 | |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.12.2019 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. കളക്ഷൻ തുക അതേ ദിവസം തന്നെ അടവാക്കുന്നതിനാൽ ക്യാഷ് ബാലൻസ് ഇല്ല.

# 1-9 ആഭ്യന്തരനിയന്ത്രണം

1,2012 ൽ പുതുക്കിയ പൊതുമരാമത്ത് മാന്വലിൽ നിഷ്ക്കർഷിക്കുന്ന രീതിയിൽ കരാറുകാരുമായി ചമക്കേണ്ട കരാർ പത്രിക തയ്യാറാക്കുന്നില്ല, പ്രവൃത്തി പൂർത്തീകരണത്തിലുണ്ടാകുന്ന കാലതാമസത്തിന് പിഴ സംബന്ധിച്ച വ്യവസ്ഥ പാലിക്കുന്നില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.11.2019 | 01.10.2019-31.10.2019 | 13.11.2019 |
| എ.ജി ഓഡിറ്റ് | 05.10.2009 മുതൽ 16.10.2009 വരെ | 2004-05 മുതൽ 2008-09 വരെ | 11.06.2012 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1. ബിലേറ്റഡ് ഫീ ഇനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരവും ഡിമാന്റ് രജിസ്റ്റർ പ്രകാരവും ഉള്ള കളക്ഷൻ തുകകളിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം വ്യത്യാസം കാണുന്നു.

| വാർഷിക ധനകാര്യ പത്രിക പ്രകാരം തുക | ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള തുക | വ്യത്യാസം |
|---|---|---|
| 7775 | 7450 | -325 |

2. ഇൻസ്റ്റലേഷൻ ഓഫ് മെഷിനറി ഇനത്തിൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം 300 രൂപ വരവുണ്ട്. ആയത് വാർഷിക ധനകാര്യ പത്രികയിൽ വരവ് വന്നിട്ടില്ല.

3. B-5, B-16 എന്നീ ഷെഡ്യൂളുകളിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4. അഡ്വാൻസ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ബി-18 ലെ 95,69,981 രൂപയുടെ കൃത്യത ഉറപ്പ് വരുത്താനായില്ല

5. അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിനു മുമ്പുള്ള എല്ലാ ആസ്തി ബാധ്യതകളുടേയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.തൻവർഷം ആർജിച്ച ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി അസറ്റ് രജിസ്റ്റർ കാലികമാക്കിട്ടില്ല.വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ ആസ്തികളുകളുടെ മൂല്യം ഉൾപ്പെടുത്തി രജിസ്റ്റർസൂക്ഷിച്ചിട്ടില്ല.

6. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 ൽ ഉൾപ്പെട്ട താഴെ പറയുന്ന ചെലവഴിക്കാൻ അവശേഷിക്കുന്ന പ്രത്യേക ഉദ്ദേശ ഗ്രാന്റുകളുടെ ACR സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

| Code No | Particulars | Amount |
|---|---|---|
| 320100121 | Centrally Sponsored Scheme- Integrated Child Development Scheme (ICDS) | 1439676 |
| 320100299 | Grants, Funds & Contributions for Specific Purposes - Other Central Government Grants - Other Grants | 10301 |
| 320200322 | Grants from Suchithwa Mission | 730794 |
| 320200323 | Grants for Keralolsavam | 20000 |
| 320800101 | Beneficiary Contributions | 1615 |
| 320800299 | Donations to Flood | 127249 |
| 320900101 | Nirmal Puraskar | 157411 |

7. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 ൽ ഉൾപ്പെട്ട താഴെ പറയുന്ന പ്രത്യേക ഗ്രാന്റ് അനുവദിച്ചത് അതേ ആവശ്യത്തിനുള്ള പ്രത്യേക ബാങ്ക് (B-17) അക്കൗണ്ടുകളുമായി പൊരുത്തപ്പെടുന്നില്ല

| ഇനം | B-4 | B-17 | വ്യത്യാസം |
|---|---|---|---|
| PYCKA | 567084 | 587194 | 20110 |
| Literacy Scheme Grant | 1306 | 1341 | 35 |
| Total Sanitation | 1323636 (1185570+138066) | 1785317 | 461681 |

8. B-3, B-11 എന്നീ ഷെഡ്യൂളുകളിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

9. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

10. Fixed asset കളുടെ തേയ്മാനം കണക്കാക്കിയതിന്റെ അനുബന്ധ രേഖകൾ ( Rate of depreciation, book value of asset, life time of asset etc.) പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

11. Capital work in progress സംബന്ധിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

12. വസ്തു നികുതിയുടെ ഡിമാന്റ് ,കളക്ഷൻ ,ബാലൻസ് എന്നിവ താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു

| ഇനം | ഡിമാന്റ് | | വ്യത്യാസം | കളക്ഷൻ (തന്നാണ്ട്) | | വ്യത്യാസം | ബാലൻസ് | |
|---|---|---|---|---|---|---|---|---|
| | വാർഷിക കണക്ക പ്രകാരം | DCB സ്റ്റേറ്റ്മെന്റ് പ്രകാരം (സഞ്ചയ) | | വാർഷിക കണക്ക പ്രകാരം | DCB സ്റ്റേറ്റ്മെന്റ് പ്രകാരം (സഞ്ചയ) | | വാർഷിക കണക്ക പ്രകാരം | DCB സ്റ്റേറ്റ്മെന്റ് പ്രകാരം (സഞ്ചയ) |
| വസ്തു | 2329582 | 2448251 | 118669 | 2280266 | 2396570 | 116304 | 0 | 0 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| നികുതി (തന്നാണ്ട്) | | | | | | | | |
| (അരിയർ) | 0 | 7631 | 7631 | 7214 | 7631 | 417 | 0 | 0 |

13. NREGS – EFMS 1,22,68,218 രൂപയും അഡ്മിനിസ്ട്രേഷൻ 380,822 രൂപയും ഉൾപ്പെടെയുള്ള തുക 126,49,040 രൂപ ഇൻകം എക്സ്പെൻഡിച്ചറിലെ I-6, I-14 a എന്നീ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

14. 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ പരിഹരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല

# 1-12 ഡി&ഒ/ ഫാക്ടിയോസ് ലൈസൻസ് അപാകത

31.10.17-ലെ സ.ഉ (സാധാ) നം. 80/2017/ത.സ്വ.ഭ.വ പ്രകാരം ഡി & ഒ ലൈസൻസ് എന്നത് ഫാക്ടിയോസ് ലൈസൻസ് എന്ന് പുനർനാമകരണം ചെയ്യപ്പെട്ടതിന് 31.10.17 മുതൽ പ്രാബല്യമുണ്ട്. ഈ ഭേദഗതിയുടെ അടിസ്ഥാനത്തിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ട ലൈസൻസ് തുക, ലൈസൻസിന്റെ മാതൃക എന്നിവ യഥാസമയം പുതുക്കേണ്ടതായിരുന്നു. എന്നാൽ പുതുക്കിയ ചട്ടപ്രകാരം ഗ്രാമപഞ്ചായത്തിൽ ലൈസൻസ് നൽകിത്തുടങ്ങിയത് 20.03.2019 മുതൽക്കാണ്. (ലൈസൻസ് നം.A4-1473/2018-19-165)

പുതുക്കിയ ചട്ടപ്രകാരമുള്ള ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ, സ്ഥാപനങ്ങളുടെ മുതൽ മുടക്ക് വിവരം അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടില്ല എന്ന് കണ്ടു. മുതൽ മുടക്ക് വിവരം രേഖപ്പെടുത്താത്ത ഈ സ്ഥാപനങ്ങളിൽ നിന്നും 100 ഉം 200 ഉം രൂപ വീതമുള്ള ലൈസൻസ് ഫീസുകൾ ഈടാക്കിയിട്ടുണ്ട്. പുതുക്കിയ ചട്ടം അനുസരിച്ച് മുതൽ മുടക്കിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിർണ്ണയിക്കേണ്ടത് എന്നിരിക്കെ, മുതൽ മുടക്ക് വിവരം രേഖപ്പെടുത്താത്ത ഈ സ്ഥാപനങ്ങളിൽ നിന്നും 100 ഉം 200 ഉം രൂപ വീതമുള്ള ലൈസൻസ് ഫീസുകൾ ഈടാക്കിയത് ചട്ടവിരുദ്ധമാണ്.

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 04/11-12-2019ന് ലഭ്യമാക്കിയ മറുപടിയിൽ പുതിയ മാതൃകയിലുള്ള ഫോറങ്ങൾ 03/2019 ലാണ് ലഭ്യമായത് എന്നും നിലവിൽ മുതൽ മുടക്കിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കുന്നത് എന്നും അറിയിച്ചു. ലൈസൻസ് അപേക്ഷയിൽ മുതൽ മുടക്ക് ഉൾപ്പടെ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തുന്നു എന്നത് ഉറപ്പ് വരുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിലുള്ള ഫീസ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 1-13 തൊഴിൽ നികുതി-ഈടാക്കിയില്ല / അപാകതകൾ

2018-19 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ ഓഡിറ്റ് വർഷത്തിൽ ചില വ്യക്തികളിൽ/സ്ഥാപനങ്ങളിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരമുള്ള തൊഴിൽ/സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്നും, പൂർണ്ണ തോതിലുള്ള തൊഴിൽ നികുതി വരവ് ലഭ്യമാകുന്നില്ല എന്നും കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1)ചുവടെ ചേർത്ത ജീവനക്കാരിൽ നിന്നും അതത് അർദ്ധ വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമനം | ജീവനക്കാരന്റെ പേര് | തസ്തിക/സ്ഥാപനം | നികുതി ഈടാക്കാത്ത അർദ്ധ വർഷം, വരുമാനം | ഈടാക്കേണ്ടിയിരുന്ന നികുതി |
|---|---|---|---|---|
| 1 | ആസിയ എം | HSA മാത്തമാറ്റിക്സ്, GHS നിറമരുതൂർ | II, ലഭ്യമല്ല. | - |
| | | | | |

| | | | | |
|---|---|---|---|---|
| 2 | സിന്ജുഷ എൻ.ആർ | HSA സോഷ്യൽ സയൻസ്, GHS നിറമരുതൂർ | II, ലഭ്യമല്ല. | - |

2) ഒന്നിലധികം പേർ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 14 പ്രകാരം സെക്രട്ടറി സ്ഥാപനത്തിന്റെ ഉടമയോടോ സ്ഥാപനത്തിന്റെ തലവൻ / സെക്രട്ടറി / മാനേജരോടോ സ്ഥാപനത്തിൽ തൊഴിലെടുക്കുന്ന എല്ലാവരുടേയും പേര് വിവരം രേഖാമൂലം നൽകുന്നതിന് നോട്ടീസ് നൽകേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഡി & ഒ ലൈസൻസ് നൽകിയിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഇപ്രകാരം നോട്ടീസ് നൽകുകയോ ചട്ടം 16 പ്രകാരമുള്ള റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങൾ അവയുടെ ഡി&ഒ ലൈസൻസ് അപേക്ഷയിൽ 4ഉം അതിലധികവും പേർ ജോലി ചെയ്യുന്നതായി രേഖപ്പെടുത്തി ബോധിപ്പിച്ചിട്ടുണ്ടെങ്കിലും ഒരാളിൽ നിന്നു പോലും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല .

| ക്രമ നം. | ലൈസൻസ് നമ്പർ | ലൈസൻസി/സ്ഥാപനം | ജോലിക്കാരുടെ എണ്ണം |
|---|---|---|---|
| 1 | A4-1941/2018-19-66/29.05.18 | ആംകോ പൈപ്പ്സ്, പത്തമ്പാട് | 5 |
| 2 | A4-2932/2018-19-76/13.06.18 | ഫിക്സോൺ മാർക്കറ്റിംഗ്-ടൈൽ ബോണ്ട്, ജോയിന്റ് ഫില്ലർ നിർമ്മാണം | 4 |
| 3 | A4-5904/2018-19-148/14.01.19 | നിഷ എം, ടൈലറിംഗ് യൂണിറ്റ് | 5 |
| 4 | A4-785/2018-19-152/07.03.19 | ഉമ്മർ, ഗാർമെന്റ്സ് തയ്യച്ച് വിൽപ്പന | 6 |
| 5 | A4-1940/2018-19-91/11.07.18 | ജംഷാദ്, അക്വാ ഐസ് പ്ലാന്റ് | 5 |

3) വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളി/ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതി ഈടാക്കുന്നില്ല.

ഡി.ആന്റ് ഒ. രജിസ്റ്റർ പ്രകാരം 2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ 171 ട്രേഡിംഗ് സ്ഥാപനങ്ങളുണ്ട്. അവയിൽ നിന്നും അർദ്ധ വാർഷിക വരുമാന പത്രിക അടിസ്ഥാനമാക്കാതെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിൽ നിന്ന് തൊഴിലാളികളുടെ/ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

കേരള സംസ്ഥാന തൊഴിൽ വകുപ്പ് പ്രസിദ്ധീകരിച്ച (GO(P) No.149/2016/LBR dt. 3-9-2016) മിനിമം വേതന നിരക്ക് പ്രകാരം ഓഡിറ്റ് വർഷം വ്യാപാര സ്ഥാപനങ്ങളിലെയും ഷോപ്പുകളിലേയും ഏറ്റവും താഴെയുള്ള ഗ്രേഡ് -ഇ. ജീവനക്കാരന്റെ മിനിമം വേതനം പ്രതിമാസം 8280 രൂപയായിരുന്നു. ആയത് പ്രകാരം ഒരു ജീവനക്കാരന്റെ അർദ്ധ വാർഷിക വരുമാനം (8280x6) (മറ്റ് നിയമാനുസൃത ആനുകൂല്യങ്ങളൊന്നും പരിഗണിക്കാതെ) 49680 രൂപയാണ്. ജീവനക്കാരന്റെ ഏറ്റവും കുറഞ്ഞ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി 450 രൂപയും. ഒരു സ്ഥാപനത്തിൽ ഏറ്റവും ചുരുങ്ങിയത് ശരാശരി 2 ജീവനക്കാരെങ്കിലും തൊഴിലെടുക്കുന്നുവെന്ന് കരുതാവുന്നതാണ്. ആകെ 171 സ്ഥാപനങ്ങളിലായി 342 തൊഴിലാളികളിൽ നിന്ന് രണ്ട് അർദ്ധ വർഷങ്ങളിലായി ഏറ്റവും കുറഞ്ഞത് (342x450x2) 3,07,800/-രൂപ തൊഴിൽ നികുതി ഈടാക്കാൻ സാധിക്കുമെങ്കിലും ഇപ്രകാരം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന്

യാതൊരു നടപടിയും സ്വീകരിച്ച കാണുന്നില്ല. ആകെയുള്ള 171 സ്ഥാപനങ്ങളിൽ ഓരോ സ്ഥാപനത്തിലും ഒരു തൊഴിലാളി എന്ന് കണക്കാക്കിയാൽ തന്നെ മേൽ തുകയുടെ പകുതിയെങ്കിലും വരവ് (1,53,900/- രൂപ) ലഭ്യമാക്കാവുന്നതാണ്. ഇത്തരത്തിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 06/11-12-2019ന് ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതികൾ ഈടാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ഈടാക്കി അറിയിക്കുന്നതാണെന്നും അറിയിച്ചു. മുകളിൽ ക്രമ നം 3ൽ പരാമർശിച്ചത് പ്രകാരമുള്ള നികുതികൾ ഈടാക്കുന്നതിനും ഇത്തരത്തിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതും, ക്രമ നം 1, 2 എന്നിവ പ്രകാരമുള്ള സ്ഥാപനങ്ങളിൽ/ജീവനക്കാരിൽ നിന്നും നികുതികൾ ഈടാക്കി അറിയിക്കേണ്ടതുമാണ്.

# 1-14 കെട്ടിട നിർമ്മാണം പൂർത്തിയായതു മുതലുള്ള വസ്തുനികുതി ഈടാക്കിയില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരമുള്ള വസ്തുനികുതി കെട്ടിടം നിർമ്മാണം പൂർത്തിയായ അർദ്ധ വർഷം മുതൽ തന്നെ ഈടാക്കേണ്ടതാണ്. അർദ്ധ വർഷത്തിലെ അവസാന രണ്ട് മാസങ്ങളിലാണ് നിർമ്മാണം പൂർത്തീകരിച്ചതെങ്കിൽ തൊട്ടടുത്ത അർദ്ധ വർഷം മുതൽ നികുതി ചുമത്തി ഈടാക്കുന്നതിന് ചട്ടപ്രകാരം വ്യവസ്ഥയുണ്ട് (ചട്ടം 24). എന്നാൽ ചുവടെ ചേർത്ത കെട്ടിടങ്ങളുടെ നികുതികൾ നിർമ്മാണം പൂർത്തീകരിച്ച അർദ്ധ വർഷം മുതൽ ഈടാക്കേണ്ടതായിരുന്നിട്ടും അപ്രകാരം ചെയ്യാതെ തൊട്ടടുത്ത അർദ്ധ വർഷം മുതൽക്കാണ് നികുതി ചുമത്തി ഈടാക്കിക്കിയിട്ടുള്ളത്.

| ക്രമ നം | കെട്ടിട ഉടമയുടെ പേര്, കെട്ടിടത്തിന്റെ തരം | കെട്ടിടത്തിന്റെ നമ്പർ, ആകെ വിസ്തീർണ്ണം | നികുതി ഈടാക്കേണ്ടിയിരുന്ന അർദ്ധ വർഷം/ കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ച തിയതി | നികുതി ഈടാക്കിത്തുടങ്ങിയ അർദ്ധവർഷം, നിർണ്ണയിച്ച വാർഷിക വസ്തുനികുതി | |
|---|---|---|---|---|---|
| | | | | നികുതി | ഗ്രന്ഥശാല വരി |
| 1 | ശ്രീ. ഷരീഫ് തുറവയിൽ<br>വാണിജ്യം<br>നികുതി നിരക്ക്: 40/m2 | 8/327 A to R.<br>364.75 $m^2$ | 2017-18 രണ്ടാം അർദ്ധ വർഷം,<br>15.01.2018<br>നികുതി നിർണ്ണയിച്ച തിയതി: 27-04-2018 | 2018-19 ഒന്നാം അർദ്ധ വർഷം,<br>8/327 A മുതൽ Rവരെയുള്ള വിവിധ വിസ്തീർണ്ണത്തിലുള്ള കെട്ടിട നമ്പറുകളിലായി ആകെ വാർഷിക വസ്തുനികുതി: 15595/-<br>2017-18 രണ്ടാം അർദ്ധ വർഷത്തേക്ക് ഈടാക്കേണ്ടിയിരുന്ന | 782/2 =391 |

| | | | | | |
|---|---|---|---|---|---|
| | | | | നികുതി=15595/2= 7797.5/- | |
| 2 | ശ്രീ. പ്രമോദ്, പ്രിജിമോൾ. പാർപ്പിടം, നികുതി നിരക്ക്: 4/m2 | 10/379B, 147.5 m2 | 2017-18 രണ്ടാം അർദ്ധ വർഷം, 27.10.2017 നികുതി നിർണ്ണയിച്ച തിയതി: 02.04.2018 | 2018-19 ഒന്നാം അർദ്ധ വർഷം, ആകെ വാർഷിക വസ്തുനികുതി: 472/- 2017-18 രണ്ടാം അർദ്ധ വർഷത്തേക്ക് ഈടാക്കേണ്ടിയിരുന്ന നികുതി=472/2= 236/- | 24/2=12 |
| ആകെ | | | | 8033.5 | 403 |

ആകെ 8436.5/-(8033.5+403) രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 04/11-12-2019ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ രണ്ട് കെട്ടിട ഉടമകൾക്കും കത്ത് നൽകിയതായും തുക ഈടാക്കി അറിയിക്കുന്നതാണെന്നും അറിയിച്ചു. തുക ആകെ 8436.5/-(8033.5+403) രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# 1-15 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകതകൾ.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായ 26.12.2011ലെ A3.6953/11 നമ്പർ അന്തിമ വിജ്ഞാപന പ്രകാരം വാണിജ്യ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് താഴെ പറയുന്ന പ്രകാരമാണ് ഭരണസമിതി നിശ്ചയിച്ചിട്ടുള്ളത്.

| | |
|---|---|
| 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 40 രൂപ/ ച.മീ |
| 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 60 രൂപ/ ച.മീ |

ഗ്രാമപഞ്ചായത്തിൽ നിർമ്മാണം പൂർത്തീകരിച്ച് കെട്ടിടനമ്പറിനായി അപേക്ഷിക്കുന്ന 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് വ്യക്തമായ യാതൊരു കാരണവും കൂടാതെ ഒന്നിലധികം കെട്ടിടനമ്പറുകൾ അനുവദിക്കുകയും അപ്രകാരമുള്ള തറവിസ്തീർണ്ണം മാത്രം കണക്കാക്കി 100 ച.മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം എന്ന പരിഗണന നൽകി അവയുടെ നികുതി നിരക്കായ 40 രൂപ/ച.മീ. നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച് നൽകുകയുമാണ് ചെയ്യുന്നത്.

ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ <u>തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിടനമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ</u> ഓരോ ഭാഗത്തേയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവക്ക് ഓരോന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ് (ചട്ടം 3(4)). എന്നാൽ ഇത് വ്യക്തമായ കാരണങ്ങളാൽ പ്രത്യേകമായ നമ്പറുകൾ

നൽകിയ നിലവിലുള്ള കെട്ടിടങ്ങളുടെ കാര്യമാണ് എന്ന് വ്യക്തമാണ്. വ്യക്തമായ കാരണങ്ങൾ ഒന്നും രേഖപ്പെടുത്താതെ, പ്രത്യേകം നമ്പറിന് വേണ്ടി കെട്ടിടയുടമ അപേക്ഷിക്കുക പോലും ചെയ്യാതെ, ചട്ടം നിലവിൽ വന്നതിന് ശേഷം മാത്രം നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നികുതി നിരക്ക് കുറച്ച് വസ്തുനികുതി നിർണ്ണയം നടത്തുന്നത് ചട്ടവിരുദ്ധമാണ്. ഇപ്രകാരം നികുതി നിർണ്ണയിക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തിന് വലിയ തോതിലുള്ള വരുമാന നഷ്ടമാണ് സംഭവിക്കുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമയുടെ പേര് | ആകെ വിസ്തീർണ്ണം | അനുവദിച്ച നമ്പറുകൾ | നമ്പർ അനുവദിച്ച തിയതി |
|---|---|---|---|---|
| 1 | ശ്രീ. ശരീഫ് ടി, തുറവയിൽ | 364.75$M^2$ | 8/327 A മുതൽ R വരെ | 27.04.2018 |
| 2 | ശ്രീ. കുഞ്ഞിമുഹമ്മദ് കുട്ടി തെക്കേവളപ്പിൽ | 336.78$M^2$ | 2/359 A മുതൽ N വരെ | 08.06.2018 |
| 3 | ശ്രീ. അവറാൻ തോട്ടുകണ്ണി | 179.33$M^2$ | 5/265 B മുതൽ I വരെ | 03.09.2018 |

ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്തഭാഗങ്ങൾ ഒരേ സമയം വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതാത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവക്ക് കെട്ടിടനമ്പർ നൽകാവുന്നതും ചട്ടപ്രകാരമുള്ള നികുതി ചുമത്തേണ്ടതുമാണ്.

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 07/13-12-2019ന് ലഭ്യമാക്കിയ മറുപടിയിൽ കെട്ടിടങ്ങളുടെ നികുതികൾ പുനർനിർണ്ണയിച്ച് തുക ഈടാക്കി ഒടുക്ക് വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചു. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

# 1-16 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ് - പ്രൊജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ

പ്രൊജക്ട് നം : 96/19

അടങ്കൽ : 450000/-, വികസന ഫണ്ട്

ചെലവ് : 432000.00 ബിൽ നമ്പർ - 1/24.01.2019

നിർവ്വഹണം : ഫിഷറീസ് ഇൻസ്പെക്ടർ

മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ് വാങ്ങി നൽകാനാണ് പ്രൊജക്ട് നടപ്പാക്കിയത്. ടെണ്ടർ നോട്ടീസ് നമ്പർ A2/5412/17/FI തീയ്യതി.19.09.2018 പ്രകാരം ആയതിന് ടെണ്ടർ ക്ഷണിച്ചു. ഇതിൽ ലാപ്ടോപ് ഒന്നിന് 24000/- രൂപ ക്വാട്ട് ചെയ്ത ഹാൽസിയൺ ട്രാൻസ്മിഷൻ ടെക്നോളജീസ് പെരിന്തൽമണ്ണ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചു (പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 12.10.18 ലെ തീരുമാനം). തുടർന്ന് പ്രസ്തുത സ്ഥാപനം ഇൻവോയ്സ് നമ്പർ 291/07.11.2018 പ്രകാരം 24000/- രൂപ നിരക്കിൽ 18 ലാപ്ടോപുകൾ വിതരണം ചെയ്യുകയും ആയതിന് മേൽപ്പറഞ്ഞ ബിൽ പ്രകാരം പ്രതിഫലം കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്

ഈ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ പറയുന്നു.

1. <u>അർഹതയില്ലാത്ത വിദ്യാർത്ഥികൾക്കും ആനുകൂല്യം നൽകി.</u>

താഴെ പറയുന്ന വ്യദ്യാർത്ഥികളുടെ അർഹത പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ ഓരോ വിദ്യാർത്ഥിയുടെ പേരിന് നേരെയും പറയുന്നു.

| മ നമ്പർ | പേര് മേൽവിലാസം | ഹാജരാക്കിയ വിദ്യാഭ്യാസ സർട്ടിഫിക്കറ്റിന്റെ വിവരം | അപാകത |
|---|---|---|---|
| 1 | ഇംമ്രാൻ.കെ, കമ്മുട്ടകത്ത് | മദിൻ പോളിടെക്നിക്ക് കോളേജ്ന്റെ സാക്ഷ്യ പത്രം തീയ്യതി.16.11.18 | ഐ.ടി.ഐ/ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപിന് അർഹതയില്ല. ബിരുദ/ ബിരുദാനന്തര കോഴ്സിന് പഠിക്കുന്ന് വിദ്യാർത്ഥികൾക്കാണ് അർഹത. അതിനാൽ അർഹതയില്ല. |
| 2 | ഷാക്കിർ ജമാൽ S/O സെയ്തു മോൻ ജാറക്കടവത്ത് | G-TEC COMPUTER EDUCATION ൽ DIFA കോഴ്സിന് 7.7.18 ൽ പ്രവേശിച്ചതിന്റെ രേഖ ഹാജരാക്കി. | അംഗീകൃത സ്ഥാപനങ്ങളിൽ ബിരുദ/ ബിരുദാനന്തര കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ്പിന് അർഹത. പാരലൽ കോളേജിലാണ് പഠിക്കുന്നതെങ്കിൽ യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖ ഹാജരാക്കണം.G-TEC COMPUTER EDUCATION അംഗീകൃതസ്ഥാപനമല്ല. പഠിക്കുന്നത് ബിരുദത്തിനുമല്ല. അതിനാൽ അർഹതയില്ല. |
| 3 | സലാഹുദ്ദീൻ അയ്യൂബി.പി.കെ S/O മുജീബ് റഹ്മാൻ പുത്തൻ കമ്മുവിന്റെ പുരക്കൽ | മദിൻ പോളിടെക്നിക്ക് കോളേജ്ന്റെ സാക്ഷ്യ പത്രം തീയ്യതി.16.11.18 | ഐ.ടി.ഐ/ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപിന് അർഹതയില്ല. ബിരുദ/ ബിരുദാനന്തര കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് അർഹത. അതിനാൽ അർഹതയില്ല. |
| 4 | അർഷിദ.കെ.കെ D/O അബ്ദുള്ളക്കുട്ടി കുഞ്ഞീൻ കടവത്ത് | ഗൈഡ് കോളേജ് എന്ന സ്ഥാപനത്തിൽ B.Com ന് പഠിക്കുന്നതിന്റെ സാക്ഷ്യപത്രം ഹാജരാക്കി. | പാരലൽ കോളേജിലാണ് പഠിക്കുന്നതെങ്കിൽ യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖ ഹാജരാക്കണം. ആയത് ഹാജരാക്കിയിട്ടില്ല. |
| 5 | സഹ്ല സെറി.യു.പി D/O റാഫി ഉണ്ണ്യപ്പന്റെ പുരക്കൽ | തിരൂർ ആർട്സ് കോളേജ് എന്ന സ്ഥാപനത്തിൽ B.Com ന് പഠിക്കുന്നതിന്റെ സാക്ഷ്യപത്രം ഹാജരാക്കി. | പാരലൽ കോളേജിലാണ് പഠിക്കുന്നതെങ്കിൽ യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖ ഹാജരാക്കണം. ആയത് ഹാജരാക്കിയിട്ടില്ല. |
| 6 | ഫാത്തിമ സാബി | എ.കെ.എൻ.എച്ച്.എം ഗവ: | രജിസ്റ്റേഡ് മത്സ്യ തൊഴിലാളികളുടെ |

| | | | |
|---|---|---|---|
| | D/O ഹുസൈൻ.കെ.പി<br>കടവണ്ടി<br>പുരക്കൽ | പോളിടെക്നിക്ക്. എഞ്ചിനീയറിംഗ് ഡിപ്ലോമ 5ാം സെമസ്റ്റർ | മക്കൾക്കാണ് ആനുകൂല്യത്തിന് അർഹത. ശ്രീ.ഹുസൈൻ.കെ.പി മത്സ്യതൊഴിലാളി ക്ഷേമ നിധി ബോർഡിൽ രജിസ്റ്റർ ചെയ്തതിന് തെളിവായി പാസ്ബുക്കിന്റെ മുൻപേജ് ഹാജരാക്കിയിട്ടുണ്ട്, നം.04710. എന്നാൽ നാളിതുവരെ വിഹിതം അടച്ചതിന്റെ വിവരം കാണിക്കുന്ന പാസ് ബുക്ക് പേജ് ഹാജരാക്കിയിട്ടില്ല. ആയതിനാൽ വിദ്യാർത്ഥി ആനുകൂല്യം കൈപ്പറ്റിയ സമയത്ത് പിതാവിന്റെ രജിസ്ട്രേഷൻ നിലവിലുണ്ടായിരുന്നോ എന്ന് വ്യക്തമല്ല. |
| 7 | ജുസൈന.എ.പി<br>D/O സൈഫുള്ള ആമി ഹാജിന്റെ പുരക്കൽ | ടിഎ.ഗവ:കോളേജ്.ബി.എ.അറബിക് | ഗുണഭോക്തൃ ലിസ്റ്റിൽ ജുസൈന.എ.പി യുടെ അമ്മയുടെ പേര് പാത്തുമ്മാൾ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ശ്രീ. സൈഫുള്ളയുടെ മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പാസ് ബുക്കിൽ ഭാര്യയുടെ പേര് ജുബൈരിയ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പാത്തുമ്മാൾ എന്നയാളും ജുബൈരിയ എന്നയാളും ഒരാളാണോ എന്ന് വ്യക്തമല്ല. |
| 8 | ജാസില.കെ<br>D/Oജബ്ബാർ<br>കളരിക്കൽ | ഗൈഡ് കോളേജ് എന്ന സ്ഥാപനത്തിൽ B.Com ന് പഠിക്കുന്നതിന്റെ സാക്ഷ്യപത്രം ഹാജരാക്കി. | പാരലൽ കോളേജിലാണ് പഠിക്കുന്നതെങ്കിൽ യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖ ഹാജരാക്കണം. ആയത് ഹാജരാക്കിയിട്ടില്ല. |
| 9 | ഷഹന.സി.എം<br>D/O ചെറിയ മൊയ്തീൻ<br>കാനകത്ത് | ഗവ: ആർട്സ് & സയൻസ് കോളേജ്, തവനൂർ. ബി.എ് | രജിസ്റ്റേഡ് മത്സ്യ തൊഴിലാളികളുടെ മക്കൾക്കാണ് ആനുകൂല്യത്തിന് അർഹത.ശ്രീ.ചെറിയ മൊയ്തീൻ മത്സ്യതൊഴിലാളി ക്ഷേമ നിധി ബോർഡിൽ രജിസ്റ്റർ ചെയ്തതിന് തെളിവായി പാസ്ബുക്കിന്റെ മുൻപേജ് ഹാജരാക്കിയിട്ടുണ്ട്, നം.03855. എന്നാൽ നാളിതുവരെ വിഹിതം അടച്ചതിന്റെ വിവരം കാണിക്കുന്ന പാസ് ബുക്ക് പേജ് ഹാജരാക്കിയിട്ടില്ല. ആയതിനാൽ വിദ്യാർത്ഥി ആനുകൂല്യം കൈപ്പറ്റിയ സമയത്ത് പിതാവിന്റെ രജിസ്ട്രേഷൻ നിലവിലുണ്ടായിരുന്നോ എന്ന് വ്യക്തമല്ല. |
| 10 | മുഹമ്മദ് സക്കീർ.പി.പി | മിംസ് അക്കാഡമി കോഴിക്കോടിൽ 2/2017 മുതൽ എമർജൻസി | സ്ഥാപനം അംഗീകൃതമാണോ എന്ന് വ്യക്തമല്ല. ബിരുദ/ബിരുദാനന്തര |

| | | | |
|---|---|---|---|
| | S/O റസാഖ് പോക്കുവിന്റെ പുരക്കൽ | മെഡിക്കൽ സർവ്വീസിൽ ഡിപ്ലോമ കോഴ്സിന് പഠിക്കുന്നു. | കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ്പിന് അർഹത. ബിരുദ/ബിരുദാനന്തര കോഴ്സിന് തുല്യമായ ഡിപ്ലോമ കോഴ്സ് ആണോ പഠിച്ചിരുന്നത് എന്ന് വ്യക്തമാക്കുന്ന രേഖകളും ഹാജരാക്കിയിട്ടില്ല. ആയതിനാൽ ആനുകൂല്യത്തിന് അർഹതയില്ല |
| 11 | ഫൗമിഷ നസ്രീൻ.ടി.പി D/O സിദ്ദീഖ്.ടി.പി തയ്യുമ്മന്റെ പുരക്കൽ | ബാഫക്കി യത്തീംഖാന ആർട്സ് & സയൻസ് കോളേജ് കല്പകഞ്ചേരിയിൽ BBA | രജിസ്റ്റേഡ് മത്സ്യ തൊഴിലാളികളുടെ മക്കൾക്കാണ് ആനുകൂല്യത്തിന് അർഹത. ശ്രീ.സിദ്ദീഖ്.ടി.പി മത്സ്യതൊഴിലാളി ക്ഷേമ നിധി ബോർഡിൽ രജിസ്റ്റർ ചെയ്തതിന് തെളിവായി പാസ്ബുക്കിന്റെ മുൻപേജ് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ വിഹിതം അടച്ചതിന്റെ വിവരം കാണിക്കുന്ന പാസ് ബുക്ക് പേജ് ഹാജരാക്കിയിട്ടില്ല. ആയതിനാൽ വിദ്യാർത്ഥി ആനുകൂല്യം കൈപ്പറ്റിയ സമയത്ത് പിതാവിന്റെ രജിസ്ട്രേഷൻ നിലവിലുണ്ടായിരുന്നോ എന്ന് വ്യക്തമല്ല. |

2. ഹാൽസിയൺ ട്രാൻസ്മിഷൻ ടെക്നോളജീസുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ ചട്ടപ്രകാരം കരാർ ഉടമ്പടി ഒപ്പുവച്ചിട്ടില്ല. ഇതിന് പകരം പ്രസ്തുത സ്ഥാപനത്തിൽ നിന്നും 200.00 രൂപയുടെ മുദ്രപ്പത്രത്തിൽ എഗ്രിമെന്റ് ഫോറം വാങ്ങി സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതിൽ വിവരങ്ങൾ എഴുതിച്ചേർക്കുകയോ, നിർവ്വഹണ ഉദ്യോഗസ്ഥൻ ഒപ്പുവയ്ക്കുകയോ ചെയ്തിട്ടില്ല.

3. ടെണ്ടർ അംഗീകരിച്ച പഞ്ചായത്ത് ഭരണസമിതി തീരുമാനം ഹാജരാക്കിയിട്ടില്ല.

4. ബിൽ തുകയിൽ നിന്നും 2% നിരക്കിൽ GST TDS ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.9/16.12.19 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ആകെ പ്രൊജക്ടിന് വേണ്ടി ചെലവഴിച്ച തുകയിൽ, മേൽ പട്ടികയിലെ ക്രമ നമ്പർ 1,2,3 എന്നിവ പ്രകാരം അർഹതയില്ലാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് ചെലവഴിച്ച തുക 3x24000=72000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നു. മേൽ പട്ടികയിലെ ക്രമ നമ്പർ 4,5,6,7,8,9,10,11 ഉപഖണ്ഡിക നമ്പർ 2,3,4 എന്നിവയിൽ പറഞ്ഞ അപാകതകളുടെ വെളിച്ചത്തിൽ പ്രജക്ട് ചെലവ് തുകയിൽ അവശേഷിക്കുന്ന തുക 360000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

# 1-17 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണിച്ചർ - പ്രൊജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ

പ്രൊജക്ട് നം : 96/19

അടങ്കൽ : 448000/- വികസന ഫണ്ട്

ചെലവ് : 418552

നിർവ്വഹണം : ഫിഷറീസ് ഇൻസ്പെക്ടർ

മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് മരം കൊണ്ടുള്ള കസേരയും മേശയും വാങ്ങി നൽകാനാണ് പ്രൊജക്ട് നടപ്പാക്കിയത്. ടെണ്ടർ നോട്ടീസ് നമ്പർ A2/5412/17/FI തീയ്യതി.19.09.2018 പ്രകാരം ആയതിന് ടെണ്ടർ ക്ഷണിച്ചു. ഇതിൽ കസേര ഒന്നിന് 1699/- രൂപയും മേശ ഒന്നിന് 2616/- രൂപയും ക്വാട്ട് ചെയ്ത മേലങ്ങാടി ടിമ്പേഴ്സ്, മലപ്പുറം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചു (പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 12.10.18 ലെ തീരുമാനം). തുടർന്ന് പ്രസ്തുത സ്ഥാപനം താഴെ പറഞ്ഞ പ്രകാരം കസേരയും മേശയും വിതരണം ചെയ്യുകയും ആയതിന് പ്രതിഫലം കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.

| ഇൻവോയ്സ് നമ്പർ | കസേരയുടെ എണ്ണം | മേശയുടെ എണ്ണം | ബിൽ തുക |
|---|---|---|---|
| 25/23.1.2019 | 28 | 28 | 120820.00 |
| 26/29.1.2019 | 28 | 28 | 120820.00 |
| 40/12.3.2019 | 21 | 21 | 90615.00 |
| 41/12.3.2019 | 20 | 20 | 86297.00 |
| ആകെ | 97 | 97 | 418552.00 |

| 'ട്രഷറി ബിൽ നമ്പർ, തീയ്യതി | തുക |
|---|---|
| 2/13.2.19 | 241640.00 |
| 3/20.3.19 | 86297.00 |
| 4/20.3.19 | 90615.00 |
| ആകെ | 418552.00 |

പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ പറയുന്നു.

1. മേലങ്ങാടി ടിമ്പേഴ്സ് നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചട്ടപ്രകാരം കരാർ ഉടമ്പടി ഒപ്പുവച്ചിട്ടില്ല. ഇതിന് പകരം പ്രസ്തുത സ്ഥാപനത്തിൽ നിന്നും 200.00 രൂപയുടെ മുദ്രപ്പത്രം വാങ്ങി സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്.

2. ടെണ്ടർ അംഗീകരിച്ച പഞ്ചായത്ത് ഭരണസമിതി തീരുമാനം ഹാജരാക്കിയിട്ടില്ല.

3. ബിൽ തുകയിൽ നിന്നും 2% നിരക്കിൽ GST TDS ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.10/16.12.19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

# 1-18 വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കിൽ - പ്രവൃത്തി പൂർത്തിയാക്കാത്തത് സംബന്ധിച്ച്.

പ്രൊജക്ട് നം : 111/19

അടങ്കൽ : 6,00,000.00, പ്ലാൻ (SCP)

ചെലവ് : 400000.00

നിർവ്വഹണം : വി.ഇ.ഒ

വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കുന്നതിന് ഗുണഭോക്താക്കൾക്ക് ഒരു ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിനാണ് പ്രൊജക്ട്. തൻവർഷം പ്രൊജക്ട് പ്രകാരം ചെലവഴിച്ച 400000.00 രൂപയുടെ വിശദവിവരം താഴെ പറയുന്നു.

| ബിൽ നമ്പർ, തീയ്യതി | തുക |
|---|---|
| 2/12.12.2018 | 2,00,000.00 |
| 3/03.1.2019 | 50,000.00 |
| 5/20.1.2019 | 50,000.00 |
| 9/13.3.2019 | 50,000.00 |
| 10/22.3.201 | 50,000.00 |
| ആകെ | 400000.00 |

ഈ പ്രൊജക്ടിന്റെ ആകെയുള്ള ആറ് ഗുണഭോക്താക്കളിൽ, ബിൽ നമ്പർ 2,5 എന്നിവ പ്രകാരം 50000.00 രൂപ വീതം യഥാക്രമം മുൻകൂർ കൈപ്പറ്റിയ സരോജിനി തള്ളശ്ശേരി പറമ്പിൽ, കുഞ്ഞിമോൻ(ദേവു) വലിയോട് കുന്നത്ത് എന്നീ ഗുണഭോക്താക്കൾ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല എന്ന് ബെനഫിഷ്യറി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത ഗുണഭോക്താക്കൾ നിലവിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി, നം.11/16.12.19, നൽകിയിരുന്നു. ഇതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ പ്രൊജക്ട് 2019-20 ൽ സ്പിൽ ഓവർ ആയി തുടരുന്നുണ്ടെന്നും, ഗുണഭോക്താക്കൾ പൂർത്തീകരണ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ തന്റെ 16.12.19 ലെ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. മറുപടി അംഗീകരിക്കുന്നു. പ്രവൃത്തി പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

# 1-19 ഷ്രെഡ്ഡിംഗ് മെഷ്യൻ വാങ്ങൽ - പ്രൊജക്ടിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച്

പ്രൊജക്ട് നം : 149/19

അടങ്കൽ : 15,00,000.00, TSC

ചെലവ് : 759372.00 ബിൽ നമ്പർ - 12/28.9.17

നിർവ്വഹണം : വി.ഇ.ഒ

പ്രൊജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി തുക ചെലവ് ചെയ്തതിന്റെ വിശദ വിവരം താഴെ പറയുന്നു.

| ചെക്ക് നമ്പർ, തീയ്യതി | തുക | തുക കൈപ്പറിയതിന്റെ വിവരം | അഭിപ്രായം |
|---|---|---|---|
| 280876/ | 5,19,372.00 | ക്ലീൻ കേരളകമ്പനിക്ക് ഷ്രെഡ്ഡിംഗ് മെഷ്യന്റെ വില മുൻകൂർ നൽകിയത്. | മെഷ്യൻ നാളിതുവരെ സപ്ലൈ ചെയ്തിട്ടില്ല. |
| 280859/ | 20,000.00 | ഷ്രെഡ്ഡിംഗ് മെഷ്യൻ സ്ഥാപിക്കുന്നതിനുള്ള കെട്ടിടത്തിന് പരിഷ്കരണ പ്രവൃത്തികൾ | പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ |

| | | | |
|---|---|---|---|
| | | നടത്തുന്നതിന് നിർമ്മിതി കേന്ദ്രം മലപ്പുറത്തിന് നൽകിയത്. | പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. |
| 280869/26.10.18 | 2,20,000.00 | -ടി- | -ടി- |

പ്രൊജക്ടിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/16.12.19 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ ഷ്രെഡ്ഡിംഗ് മെഷ്യൻ വിതരണം ചെയ്യുന്നതിന് പുതിയ വെണ്ടറെ കണ്ടെത്താനുള്ള നടപടികൾ പൂർത്തിയായാൽ ഉടൻ മെഷ്യൻ സപ്ലൈ ചെയ്യുന്നതാണെന്ന് ക്ലീൻ കേരള കമ്പനി അറിയിച്ചിട്ടുണ്ട്എന്നും, കെട്ടിടത്തിന്റെ പ്രവർത്തികൾ 80% ൽ അധികം പൂർത്തിയായിട്ടുണ്ടെന്നും പുതിയ ചില ഇനങ്ങൾ കൂടി ചെയ്യേണ്ടിവന്നതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വന്നുവെന്നും അറിയിച്ചിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി അംഗീകരിക്കുന്നു. പ്രവൃത്തികൾ പൂർത്തിയാക്കി രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-20 പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല

അസി.എഞ്ചിനിയർ തൻവർഷം നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികൾ | | | നടപ്പിലാക്കിയ പദ്ധതികൾ | | | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|
| New | Spill over | Total | New | Spill over | Total | | | |
| 75 | 59 | 134 | 27 | 44 | 71 | 30922025 | 13047328 | 42.13 |

തൻവർഷം അംഗീകാരം ലഭിച്ച 134 പദ്ധതികളിൽ 71 എണ്ണം മാത്രമാണ് നടപ്പാക്കുവാൻ കഴിഞ്ഞിട്ടുള്ളത്.പുതിയതായി ഉൾപ്പെടുത്തിയ 75 പദ്ധതികളിൽ 27 എണ്ണം മാത്രമാണ് തൻവർഷം പൂർത്തീകരിച്ചിട്ടുള്ളത്.സ്പിൽ ഓവറായി ഉൾപ്പെടുത്തുന്ന പദ്ധതികൾ അതാത് വർഷം തന്നെ പൂർത്തീകരിക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള 29.03.17 ലെജി.ഒ(എം.എസ്)72/2017 നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും 2016-17 വർഷം അംഗീകാരം ലഭിച്ച് സ്പിൽ ഓവറായി ഉൾപ്പെടുത്തിയ പദ്ധതികൾ പോലും തൻവർഷം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.വിവിധ പദ്ധതികൾക്കായി തനതുഫണ്ടിൽ നിന്നും ₹5914722/-വകയിരുത്തിയിരുന്നെങ്കിലും ₹1264747/-യാണ് ചെലവഴിച്ചിട്ടുള്ളത്.₹4649975/-യുടെ പദ്ധതികൾ ഇനിയും പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുണ്ടെങ്കിലും തനതുഫണ്ടിൽ 2018-19 വർഷത്തെ ബാലൻസായി അവശേഷിക്കുന്നത് ഏകദേശം ₹1700000/-യാണ്.ഫണ്ടിന്റെ ലഭ്യത കുറവുമൂലം പല പദ്ധതികളും റദ്ദു ചെയ്യപ്പെടേണ്ട അവസ്ഥയിലാണ്.മുൻ വർഷങ്ങളിൽ അംഗീകാരം ലഭിച്ചിട്ടുള്ളതും 2018-19 വർഷം സ്പിൽ ഓവറായി തുടരുന്നതുമായ പദ്ധതികളിൽ നാളിതുവരെയും പൂർത്തീകരിക്കാത്ത പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | പദ്ധതി | അംഗീകാരം | കരാർ തീയതി |
|---|---|---|---|

| | നം | ലഭിച്ച വർഷം | |
|---|---|---|---|
| വള്ളിക്കുളം പുനരുദ്ധാരണം | 202/19 | 2016-17 | 23.2.17 |
| അയുർവേദ ഡിസ്പൻസറി പുനരുദ്ധാരണം | 203/19 | 2016-17 | 23.2.17 |
| അലിൻ ചുവട് ലക്ഷം വീട് കോളനിയിലെ മാലിന്യ സംസ്കരണം | 151/19 | 2017-18 | 6.03.18 |
| അലിൻ ചുവട് അംഗൻവാടി റിപ്പയർ | 162/19 | 2016-17 | ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടില്ല |
| പഞ്ചാരമൂല അംഗൻവാടി റിപ്പയർ | 163/19 | 2017-18 | 2.2.18 |
| ബസ് വെയിറ്റിംഗ് ഷെഡ് കം വിശ്രമ കേന്ദ്രം | 186/19 | 2017-18 | 20.3.18 |
| കൃഷി ഭവൻ,വി.ഇ.ഒ ഓഫീസ് പുനരുദ്ധാരണം | 191/19 | ലഭ്യമല്ല | ടെണ്ടർ വിശദാംശങ്ങൾ ലഭ്യമല്ല |
| നിറമരുളർ എച്ച്.എസ്.എസ് ഖോ ഖോ കോർട്ട് പുതുക്കി പണിയൽ | 200/19 | ലഭ്യമല്ല | ടെണ്ടർ വിശദാംശങ്ങൾ ലഭ്യമല്ല |

പദ്ധതി നിർവ്വഹണത്തിലെ കാലതാമസം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിശദീകരണം നൽകിയിട്ടില്ല.പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 പ്രീ മൺസൂൺ ക്ലീനിംഗ്- വിശദാംശം ലഭ്യമാക്കിയില്ല- ചെലവ് തടസ്സം ചെയ്യുന്നു.

താഴെ പരാമർശിച്ച വൗച്ചർ പ്രകാരം 1,85,000 രൂപ വാർഡ് സാനിറ്റേഷൻ കമ്മിറ്റികളുടെ അക്കൗണ്ടുകളിലേക്ക് സെക്രട്ടറി തുക കൈമാറിയിട്ടുണ്ട്. ചെലവു രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തടസ്സം ചെയ്യുന്നു.

വൗച്ചർ 21800123/25.5.18 : 10,000 വാർഡ് 14

വൗച്ചർ 21800124/25.5.18 : 10,000 വാർഡ് 15

വൗച്ചർ 21800138/31.5.18 : 10,000 വാർഡ് 11

വൗച്ചർ 21800139/31.5.18 : 10,000 വാർഡ് 12

വൗച്ചർ 21800140/31.5.18 : 10,000 വാർഡ് 13

വൗച്ചർ 21800174/5.6.18 : 10,000 വാർഡ് 16

വൗച്ചർ 21800191/7.6.18 : 10,000 വാർഡ് 5

വൗച്ചർ 21800192/7.6.18 : 10,000 വാർഡ് 6

വൗച്ചർ 21800210/28.6.18 : 10,000 വാർഡ് 1
വൗച്ചർ 21800211/28.6.18 : 10,000 വാർഡ് –2
വൗച്ചർ 21800212/28.6.18 : 10,000 വാർഡ് 3
വൗച്ചർ 21800213/28.6.18 : 10,000 വാർഡ് 4
വൗച്ചർ 21800214/28.6.18 : 10,000 വാർഡ് 7

വൗച്ചർ 21800215/28.6.18 : 10,000 വാർഡ് 8

വൗച്ചർ 21800216/28.6.18 : 10,000 വാർഡ് 9

വൗച്ചർ 21800217/28.6.18 : 10,000 വാർഡ് 10

വൗച്ചർ 21800218/28.6.18 : 10,000 വാർഡ് 16

വൗച്ചർ 21800219/28.6.18 : 10,000 വാർഡ് 17

വൗച്ചർ 21800220/28.6.18 : 5,000 വാർഡ് 16

# 1-22 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന്- മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല .

പ്രൊജക്ട് 47/19 –;ചെലവ് 3,00,000 രൂപ ട്രഷറി ബിൽ 23/5.12.18

നിർവ്വഹണം- സെക്രട്ടറി

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി PF 753/20.9.18 നമ്പർ ഇൻവോയ്സ് അനുസരിച്ച് ഹോംകോ- ആലപ്പുഴക്ക് 3 ലക്ഷം രൂപ നൽകിയതിൽ ബിൽ നമ്പർ LF 1264/4.11.19 പ്രകാരം 1,64,160 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 1,35,840 രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. ചെലവ് തുക 135840/-രൂപ തടസ്സത്തിൽ വെക്കുന്നു.

# 1-23 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം- നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്ട് -15/19

ചെലവ്- 312000 രൂപ

ട്രഷറി ബിൽനമ്പർ 5/24.11.18 - 288000

ട്രഷറി ബിൽനമ്പർ 9/31.1.19 - 24000

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രൊജക്ടിൽ 13 ലാപ്ടോപ്പുകൾ വാങ്ങി വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾ ഹാജരാക്കിയ രേഖകൾ പരിശോധനക്ക് വിധേയമാക്കി. താഴെ പറയുന്ന അപാകതകൾ കാണുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | അപാകതകൾ |
|---|---|---|
| 1 | അജയ് കുമാർ വി.പി | 1.എസ്.സി വികസന വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന സാക്ഷ്യ പത്രം ഇല്ല.<br>2. പഠനം നടത്തുന്ന കോ-ഓപ്പറേറ്റീവ് പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാളിന്റെ 8.11.18 ലെ സാക്ഷ്യപത്രം പ്രകാരം 2016-18 വർഷം പഠനം പൂർത്തിയാക്കിയതാണ്. ഹാജരാക്കിയ രേഖകൾ പ്രകാരം പ്രൊജക്ട് നടപ്പാക്കിയ വർഷം വിദ്യാർത്ഥിയല്ല. |
| 2 | സ്മൃതി എ.പി | 1.എസ്.സി വികസന വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന സാക്ഷ്യ പത്രം ഇല്ല.<br>2. IGNOU യുടെ ബി.ടി.എസ് കോഴ്സിന് പഠിക്കുന്നതായി സ്വകാര്യ ട്യൂഷൻ സെന്റർ പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രത്തിൽ പറയുന്നു. കോഴ്സിന് രജിസ്റ്റർ ചെയ്തതായ രേഖകൾ ഹാജരാക്കിയിട്ടില്ല. |

| | | |
|---|---|---|
| 3 | റോഷൻ.എ.സി | 1.എസ്.സി വികസന വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന സാക്ഷ്യ പത്രം ഇല്ല. |
| 4 | വർഷ എം.പി | 1.എസ്.സി വികസന വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന സാക്ഷ്യ പത്രം ഇല്ല. |
| 5 | ഷിബിൻ ഷീന ഇ.പി | 1.എസ്.സി വികസന വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന സാക്ഷ്യ പത്രം ഇല്ല. |
| 6 | സിജില കെ | 1.എസ്.സി വികസന വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന സാക്ഷ്യ പത്രം ഇല്ല. |
| 7 | ഷിബില കെ.കെ | 1.എസ്.സി വികസന വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന സാക്ഷ്യ പത്രം ഇല്ല.<br>2. അപേക്ഷയിൽ അവകാശപ്പെടുന്ന കോഴ്സിന് രജിസ്റ്റർ ചെയ്തതായ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 8 | ഗീതുമോൾ.കെ.കെ | 1.എസ്.സി വികസന വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന സാക്ഷ്യ പത്രം ഇല്ല.<br>2. അപേക്ഷയിൽ അവകാശപ്പെടുന്ന കോഴ്സിന് രജിസ്റ്റർ ചെയ്തതായ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 9 | അമൽ. എ | 1.എസ്.സി വികസന വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന സാക്ഷ്യ പത്രം ഇല്ല.<br>2. അപേക്ഷയിൽ അവകാശപ്പെടുന്ന കോഴ്സിന് രജിസ്റ്റർ ചെയ്തതായ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 10 | നിഖില ഇ.പി | 1.എസ്.സി വികസന വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന സാക്ഷ്യ പത്രം ഇല്ല.<br>2.അപേക്ഷക നിറമരുതൂർ ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെടുന്നയാളാണെന്ന് തെളിയിക്കുന്ന രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല. പറമ്പിൽ ഹൗസ്, രാമനാട്ടുകര, വൈദ്യരങ്ങാടി പി.ഒ എന്ന മേൽവിലാസമാണ്. നിറമരുതൂർ ഗ്രാമ പഞ്ചായത്തിലെ താമസക്കാരിയാണെന്ന രേഖയും ഇപ്പോൾ ലഭ്യമാക്കിയ മേൽവിലാസം ഉൾപ്പെടുന്ന ത.സ്വ.ഭ സ്ഥാപനത്തിൽ നിന്നോ പ്രസ്തുത ബ്ലോക്ക് പഞ്ചായത്തിൽ നിന്നോ എസ്.സി വികസന വകുപ്പിൽ നിന്നോ ഈ ആനുകൂല്യം നൽകിയിട്ടില്ല എന്ന രേഖകളും ഹാജരാക്കേണ്ടതുണ്ട്. |
| 11 | നിതിൻ രാജ് | 1.എസ്.സി വികസന വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന സാക്ഷ്യ പത്രം ഇല്ല. |

അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്

## 1-24 എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അനുവദനീയമായതിലും കൂടുതൽ തുക നൽകി

പ്രൊജക്ട്-19/2019

ചെലവ്- 2,95,000 രൂപ ട്രഷറി ബിൽ നമ്പർ 6/7.1.19

നിർവ്വഹണം- അസിസ്റ്റന്റ് സെക്രട്ടറി

മേൽ പരാമർശിച്ച വൗച്ചർ പ്രകാരം മാറിയ തുകയിൽ 25,000 രൂപ ശ്രീ രാഹുൽ.പി.പി എന്ന വിദ്യാർത്ഥിക്ക് അനുവദിച്ചതാണ്. ലഭ്യമാക്കിയ രേഖകൾ പ്രകാരം ഈ വിദ്യാർത്ഥി എ.കെ.എൻ.എം പോളിടെക്നിക്ക് കോളേജിലെ ഒന്നാം സെമസ്റ്റർ ഇലക്ട്രോണിക് & കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ് വിദ്യാർത്ഥിയാണ്. ജി.ഒ(എം.എസ്) 22/2018 ത.സ്വ.ഭ.വ തിയ്യതി 14.2.18 പ്രകാരമുള്ള മാർഗ്ഗ രേഖ പ്രകാരം പോളിടെക്നിക്ക് വിദ്യാർത്ഥികൾക്ക് അനുവദിക്കാവുന്ന സ്കോളർഷിപ്പ് തുക 20,000 രൂപ മാത്രമാണ്. ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് അധികം നൽകിയ തുക 5000 രൂപ തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചു.

# 1-25 പരിരക്ഷ പദ്ധതി-മരുന്നുകൾ ലഭ്യമാക്കിയില്ല, അപാകതകൾ

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) 2018-19 സാമ്പത്തിക വർഷത്തിൽ നിർവഹണം നടത്തിയ പ്രൊജക്ട് നമ്പർ : 28/18-19, പരിരക്ഷ പദ്ധതിയുടെ ഭാഗമായി ആകെ 510042/- രൂപ(പ്ലാൻ ഫണ്ട്-400000+തനത് ഫണ്ട്-63602+ബ്ലോക്ക് വിഹിതം-46440) ചെലവഴിച്ചിട്ടുണ്ട്. ടി പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

<u>1) ചെലവ് തുകക്കുള്ള മുഴുവൻ മരുന്നുകളും ലഭ്യമാക്കിയില്ല</u>

ആകെ ചെലവിൽ ബിൽ നമ്പർ 10/19/12-03-2019 (ബിൽ ബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ട്രഷറി ബില്ലിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയത് പ്രകാരമുള്ള ബിൽ നമ്പറാണ് ചേർത്തിരിക്കുന്നത്, BRN:18150552035101282841/28-02-19) പ്രകാരം 48800 രൂപയും(പ്ലാൻ ഫണ്ട്), ചെക്ക് നമ്പർ 2963156/07-03-19 പ്രകാരം 53602 രൂപയും കൂടി ആകെ 102402 രൂപ മരുന്നുകൾ ലഭ്യമാക്കുന്നതിനായി പ്രൊഫോമ ഇൻവോയ്സ് നമ്പർPRF2874/29.11.18ന്റെ അടിസ്ഥാനത്തിൽ KMCLന് നൽകിയിട്ടുണ്ട്. എന്നാൽ KMCLന്റെ ഇൻവോയ്സ് നമ്പർ 3483/19-06-19 പ്രകാരം 69483/- രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമായിട്ടുള്ളത്. 32919/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാനവശേഷിക്കുന്നുണ്ട്.

2) <u>പാലിയേറ്റീവ് വാഹനം വാടകക്കെടുത്തതും വാടക നൽകിയതും-അപാകതകൾ</u>

സ.ഉ.(സാധാ)നം.3217/2015/ത.സ്വ.ഭ.വ തിയതി.29.10.15 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ ഖണ്ഡിക 2.6.5ൽ ക്രമനമ്പർ 3 പ്രകാരം വാഹനം വാടകക്ക് എടുക്കുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത വാഹനം വാടക്ക് എടുക്കേണ്ടതും ആയത് പി.എം.സി അംഗീകരിക്കേണ്ടതുമാണ്. ക്വട്ടേഷന്റെ കാലാവധി ആറ് മാസമായിരിക്കുന്നതും കാലാവധി തീരുന്നതിന് മുൻപ് പുതിയ ക്വട്ടേഷൻ നടത്തേണ്ടതുമാണ്. മാർഗ്ഗരേഖയിൽ രാവിലെ ഹോംകെയർ ആരംഭിക്കുന്നത് മുതൽ വൈകുന്നേരം അവസാനിക്കുന്നത് വരെ ഒരു ദിവസത്തേക്ക് ചുവടെ ചേർത്ത പ്രകാരമുള്ള പരമാവധി വാടകയും നിർദ്ദേശിച്ചിട്ടുണ്ട്. (2019ലെ പുതുക്കിയ പരിരക്ഷ മാർഗ്ഗ നിർദ്ദേശങ്ങൾ 2019 ഏപ്രിൽ മുതലാണ് പ്രാബല്യമുള്ളത്)

| ഓടുന്ന ദൂരം(Up&Down) | 15 – 24 കി.മീ | 25 – 34 കി.മീ | 35 – 44 കി.മീ | 45 കി.മീ കൂടുതൽ |
|---|---|---|---|---|
| പരമാവധി തുക | 800 രൂപ | 900 രൂപ | 1000 രൂപ | 1100 രൂപ |

എന്നാൽ 2018-19ൽ പരിരക്ഷ പദ്ധതിക്കായി ഓടിയ വാഹനം ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെയാണ് വാടകക്കെടുത്തത്. ട്രിപ്പ് ഷീറ്റുകളിൽ വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പറും ഓടിയ

ദൂരവും രേഖപ്പെടുത്തിയിട്ടില്ല. മാർഗ്ഗരേഖ പ്രകാരമുള്ള വാടക നിരക്കുകൾ പരിഗണിക്കാതെ ഒരു ദിവസത്തേക്ക് 1000 രൂപ നിരക്കിൽ വാടക നൽകുകയാണ് ചെയ്തത്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.15/16-12-19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മരുന്നുകൾ ലഭ്യമാക്കി അറിയിക്കേണ്ടതുമാണ്. ലഭ്യമാക്കാനവശേഷിക്കുന്ന മരുന്നുകളുടെ വില 32919/- രൂപ തടസ്സം ചെയ്യുന്നു.

# 1-26 പി.എച്ച്.സി-ക്ക് മരുന്ന് വാങ്ങൽ പദ്ധതി- മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല

പ്രൊജക്ട് നമ്പർ : 209/18-19.

നിർവ്വഹണം : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി).

അടങ്കൽ : 400000/-(മെയിന്റനൻസ് ഫണ്ട്-നോൺ റോഡ് )

ചെലവ് : 400000/-

ബിൽ നമ്പർ : 09/19/21-02-2019 (BRN:18150552035101225554/19-02-19)

മേൽ ബിൽ പ്രകാരം(ബിൽ ബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ ട്രഷറി ബില്ലിൽ രേഖപ്പെടുത്തിയത് പ്രകാരമുള്ള ബിൽ നമ്പറാണ് ചേർത്തിരിക്കുന്നത്) ആകെ 400000/- രൂപ മരുന്നുകൾ ലഭ്യമാക്കുന്നതിനായി പ്രൊഫോമ ഇൻവോയ്സ് നമ്പർPRF2878/29.11.18ന്റെ അടിസ്ഥാനത്തിൽ KMCLന് നൽകിയിട്ടുണ്ട്. എന്നാൽ KMCLന്റെ ചുവടെ ചേർത്ത ഇൻവോയ്സുകൾപ്രകാരമുള്ള ആകെ 321867/- രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമായിട്ടുള്ളത്.

| ക്രമ നം | ഇൻവോയ്സ് നം/തിയതി | തുക |
|---|---|---|
| 1 | 5922/31-08-2019 | 41924 |
| 2 | 5910/31-08-2019 | 96708 |
| 3 | 8664/18-11-2019 | 18323 |
| ആകെ | | 321867 |

78113/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.17/16-12-19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി അറിയിക്കുന്നതു വരെ ലഭ്യമാക്കാനവശേഷിക്കുന്ന മരുന്നുകളുടെ വില 78113/- രൂപ തടസ്സം ചെയ്യുന്നു.

# 1-27 ട്രഷറി ബിൽ ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയില്ല

2018-19 സാമ്പത്തിക വർഷത്തിൽ അലോപ്പതി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളും ചെലവ് വിവരങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നം, പേര് | ചെലവ് വിവരം | | | | |
|---|---|---|---|---|---|---|
| | | പ്ലാൻ ഫണ്ട് | തനത് ഫണ്ട് | ബ്ലോക്ക് വിഹിതം | മെയിന്റനൻസ് ഫണ്ട് NR | ആകെ |
| 1 | 28 - പരിരക്ഷ | 400000 | 63602 | 46440 | 0 | 510042 |

| | | | | | | |
|---|---|---|---|---|---|---|
| 2 | 30 – രോഗപ്രതിരോധ പ്രവർത്തനങ്ങൾ | 0 | 93004 | 0 | 0 | 93004 |
| 3 | 209 – PHCക്ക് മരുന്ന് | 0 | 0 | 0 | 400000 | 400000 |
| 4 | 233 – തേവർപ്പുറം കടപ്പുറം PHC-OP സമയം ദീർഘിപ്പിക്കൽ | 0 | 70000 | 0 | 0 | 70000 |
| ആകെ | | 400000 | 226606 | 46440 | 400000 | 1073046 |

മേൽ പദ്ധതികളുടെ ചെലവ് രേഖകൾ ഹാജരാക്കുകയും ആയവ പരിശോധിക്കുകയും ചെയ്തു. മരുന്നുകൾ ലഭ്യമാകാത്തതും മറ്റുമായുള്ള അപാകത അന്വേഷണ കുറിപ്പ് വഴി ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. എന്നാൽ ട്രഷറി ബിൽ ബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല, ആയത് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.16/16-12-19ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ട്രഷറി ബിൽ ബുക്ക് ഹാജരാക്കേണ്ടതുമാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ് - പ്രൊജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ

പ്രൊജക്ട് നം : 96/19

അടങ്കൽ : 450000/-, വികസന ഫണ്ട്

ചെലവ് : 432000.00 ബിൽ നമ്പർ - 1/24.01.2019

നിർവ്വഹണം : ഫിഷറീസ് ഇൻസ്പെക്ടർ

മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ് വാങ്ങി നൽകാനാണ് പ്രൊജക്ട് നടപ്പാക്കിയത്. ടെണ്ടർ നോട്ടീസ് നമ്പർ A2/5412/17/FI തീയ്യതി.19.09.2018 പ്രകാരം ആയതിന് ടെണ്ടർ ക്ഷണിച്ചു. ഇതിൽ ലാപ്ടോപ് ഒന്നിന് 24000/- രൂപ ക്വാട്ട് ചെയ്ത ഹാൽസിയൺ ട്രാൻസ്മിഷൻ ടെക്നോളജീസ് പെരിന്തൽമണ്ണ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചു (പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 12.10.18 ലെ തീരുമാനം). തുടർന്ന് പ്രസ്തുത സ്ഥാപനം ഇൻവോയ്സ് നമ്പർ 291/07.11.2018 പ്രകാരം 24000/- രൂപ നിരക്കിൽ 18 ലാപ്ടോപുകൾ വിതരണം ചെയ്യുകയും ആയതിന് മേൽപ്പറഞ്ഞ ബിൽ പ്രകാരം പ്രതിഫലം കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്

ഈ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ പറയുന്നു.

1. <u>അർഹതയില്ലാത്ത വിദ്യാർത്ഥികൾക്കും ആനുകൂല്യം നൽകി.</u>

താഴെ പറയുന്ന വ്യദ്യാർത്ഥികളുടെ അർഹത പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ ഓരോ വിദ്യാർത്ഥിയുടെ പേരിന് നേരെയും പറയുന്നു.

| ക്ര നമ്പർ | പേര് മേൽവിലാസം | ഹാജരാക്കിയ വിദ്യാഭ്യാസ സർട്ടിഫിക്കറ്റിന്റെ വിവരം | അപാകത |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ഇംമ്രാൻ.കെ, കമ്മുട്ടകത്ത് | മദിൻ പോളിടെക്നിക്ക് കോളേജ്ന്റെ സാക്ഷ്യ പത്രം തീയ്യതി.16.11.18 | ഐ.ടി.ഐ/ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപിന് അർഹതയില്ല. ബിരുദ/ ബിരുദാനന്തര കോഴ്സിന് പഠിക്കുന്ന് വിദ്യാർത്ഥികൾക്കാണ് അർഹത. അതിനാൽ അർഹതയില്ല. |
| 2 | ഷാക്കിർ ജമാൽ S/O സെയ്തു മോൻ ജാറക്കടവത്ത് | G-TEC COMPUTER EDUCATION ൽ DIFA കോഴ്സിന് 7.7.18 ൽ പ്രവേശിച്ചതിന്റെ രേഖ ഹാജരാക്കി. | അംഗീകൃത സ്ഥാപനങ്ങളിൽ ബിരുദ/ ബിരുദാനന്തര കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ്പിന് അർഹത. പാരലൽ കോളേജിലാണ് പഠിക്കുന്നതെങ്കിൽ യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖ ഹാജരാക്കണം.G-TEC COMPUTER EDUCATION അംഗീകൃതസ്ഥാപനമല്ല. പഠിക്കുന്നത് ബിരുദത്തിനുമല്ല. അതിനാൽ അർഹതയില്ല. |
| 3 | സലാഹുദ്ദീൻ അയ്യൂബി.പി.കെ S/O മുജീബ് റഹ്മാൻ പുത്തൻ കമ്മുവിന്റെ പുരക്കൽ | മദിൻ പോളിടെക്നിക്ക് കോളേജ്ന്റെ സാക്ഷ്യ പത്രം തീയ്യതി.16.11.18 | ഐ.ടി.ഐ/ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപിന് അർഹതയില്ല. ബിരുദ/ ബിരുദാനന്തര കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് അർഹത. അതിനാൽ അർഹതയില്ല. |
| 4 | അർഷിദ.കെ.കെ D/O അബ്ദുള്ളക്കുട്ടി കുഞ്ഞീൻ കടവത്ത് | ഗൈഡ് കോളേജ് എന്ന സ്ഥാപനത്തിൽ B.Com ന് പഠിക്കുന്നതിന്റെ സാക്ഷ്യപത്രം ഹാജരാക്കി. | പാരലൽ കോളേജിലാണ് പഠിക്കുന്നതെങ്കിൽ യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖ ഹാജരാക്കണം. ആയത് ഹാജരാക്കിയിട്ടില്ല. |
| 5 | സഹ്‌ല സെറി.യു.പി D/O റാഫി ഉണ്ണ്യപ്പന്റെ പുരക്കൽ | തിരൂർ ആർട്സ് കോളേജ് എന്ന സ്ഥാപനത്തിൽ B.Com ന് പഠിക്കുന്നതിന്റെ സാക്ഷ്യപത്രം ഹാജരാക്കി. | പാരലൽ കോളേജിലാണ് പഠിക്കുന്നതെങ്കിൽ യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖ ഹാജരാക്കണം. ആയത് ഹാജരാക്കിയിട്ടില്ല. |
| 6 | ഫാത്തിമ സാബി D/O ഹുസൈൻ.കെ.പി കടവണ്ടി പുരക്കൽ | എ.കെ.എൻ.എച്ച്.എം ഗവ: പോളിടെക്നിക്ക്. എഞ്ചിനീയറിംഗ് ഡിപ്ലോമ 5ാം സെമസ്റ്റർ | രജിസ്റ്റേഡ് മത്സ്യ തൊഴിലാളികളുടെ മക്കൾക്കാണ് ആനുകൂല്യത്തിന് അർഹത. ശ്രീ.ഹുസൈൻ.കെ.പി മത്സ്യതൊഴിലാളി ക്ഷേമ നിധി ബോർഡിൽ രജിസ്റ്റർ ചെയ്തതിന് തെളിവായി പാസ്ബുക്കിന്റെ മുൻപേജ് ഹാജരാക്കിയിട്ടുണ്ട്, നം.04710. |

| | | | |
|---|---|---|---|
| | | | എന്നാൽ നാളിതുവരെ വിഹിതം അടച്ചതിന്റെ വിവരം കാണിക്കുന്ന പാസ് ബുക്ക് പേജ് ഹാജരാക്കിയിട്ടില്ല. ആയതിനാൽ വിദ്യാർത്ഥി ആനുകൂല്യം കൈപ്പറ്റിയ സമയത്ത് പിതാവിന്റെ രജിസ്ട്രേഷൻ നിലവിലുണ്ടായിരുന്നോ എന്ന് വ്യക്തമല്ല. |
| 7 | ജുസൈന.എ.പി<br>D/O സൈഫുള്ള<br>ആമി ഹാജിന്റെ പുരക്കൽ | ടിഎ.ഗവ:കോളേജ്.ബി.എ.അറബിക് | ഗുണഭോക്തൃ ലിസ്റ്റിൽ ജുസൈന.എ.പി യുടെ അമ്മയുടെ പേര് പാത്തുമ്മാൾ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ശ്രീ. സൈഫുള്ളയുടെ മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പാസ് ബുക്കിൽ ഭാര്യയുടെ പേര് ജുബൈരിയ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പാത്തുമ്മാൾ എന്നയാളും ജുബൈരിയ എന്നയാളും ഒരാളാണോ എന്ന് വ്യക്തമല്ല. |
| 8 | ജാസില.കെ<br>D/Oജബ്ബാർ<br>കളരിക്കൽ | ഗൈഡ് കോളേജ് എന്ന സ്ഥാപനത്തിൽ B.Com ന് പഠിക്കുന്നതിന്റെ സാക്ഷ്യപത്രം ഹാജരാക്കി. | പാരലൽ കോളേജിലാണ് പഠിക്കുന്നതെങ്കിൽ യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർം ചെയ്തതിന്റെ രേഖ ഹാജരാക്കണം. ആയത് ഹാജരാക്കിയിട്ടില്ല. |
| 9 | ഷഹന.സി.എം<br>D/O ചെറിയ മൊയ്തീൻ<br>കാനകത്ത് | ഗവ: ആർട്സ് & സയൻസ് കോളേജ്, തവനൂർ. ബി.എ. | രജിസ്റ്റേഡ് മത്സ്യ തൊഴിലാളികളുടെ മക്കൾക്കാണ് ആനുകൂല്യത്തിന് അർഹത.ശ്രീ.ചെറിയ മൊയ്തീൻ മത്സ്യതൊഴിലാളി ക്ഷേമ നിധി ബോർഡിൽ രജിസ്റ്റർ ചെയ്തതിന് തെളിവായി പാസ്ബുക്കിന്റെ മുൻപേജ് ഹാജരാക്കിയിട്ടുണ്ട്, നം.03855. എന്നാൽ നാളിതുവരെ വിഹിതം അടച്ചതിന്റെ വിവരം കാണിക്കുന്ന പാസ് ബുക്ക് പേജ് ഹാജരാക്കിയിട്ടില്ല. ആയതിനാൽ വിദ്യാർത്ഥി ആനുകൂല്യം കൈപ്പറ്റിയ സമയത്ത് പിതാവിന്റെ രജിസ്ട്രേഷൻ നിലവിലുണ്ടായിരുന്നോ എന്ന് വ്യക്തമല്ല. |
| 10 | മുഹമ്മദ് സക്കീർ.പി.പി<br>S/O റസാഖ്<br>പോക്കുവിന്റെ പുരക്കൽ | മിംസ് അക്കാഡമി കോഴിക്കോടിൽ 2/2017 മുതൽ എമർജൻസി മെഡിക്കൽ സർവ്വീസിൽ ഡിപ്ലോമ കോഴ്സിന് പഠിക്കുന്നു. | സ്ഥാപനം അംഗീകൃതമാണോ എന്ന് വ്യക്തമല്ല. ബിരുദ/ബിരുദാനന്തര കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ്പിന് അർഹത. ബിരുദ/ബിരുദാനന്തര കോഴ്സിന് തുല്യമായ ഡിപ്ലോമ കോഴ്സ് ആണോ പഠിച്ചിരുന്നത് എന്ന് |

| | | | |
|---|---|---|---|
| | | | വ്യക്തമാക്കുന്ന രേഖകളും ഹാജരാക്കിയിട്ടില്ല. ആയതിനാൽ ആനുകൂല്യത്തിന് അർഹതയില്ല |
| 11 | ഫൗമിഷ നസ്രീൻ.ടി.പി D/O സിദ്ദീഖ്.ടി.പി തയ്യുമ്മന്റെ പുരക്കൽ | ബാഫക്കി യത്തീംഖാന ആർട്സ് & സയൻസ് കോളേജ് കല്പകഞ്ചേരി യിൽ BBA | രജിസ്റ്റേഡ് മത്സ്യ തൊഴിലാളികളുടെ മക്കൾക്കാണ് ആനുകൂല്യത്തിന് അർഹത. ശ്രീ.സിദ്ദീഖ്.ടി.പി മത്സ്യതൊഴിലാളി ക്ഷേമ നിധി ബോർഡിൽ രജിസ്റ്റർ ചെയ്തതിന് തെളിവായി പാസ്ബുക്കിന്റെ മുൻപേജ് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ വിഹിതം അടച്ചതിന്റെ വിവരം കാണിക്കുന്ന പാസ് ബുക്ക് പേജ് ഹാജരാക്കിയിട്ടില്ല. ആയതിനാൽ വിദ്യാർത്ഥി ആനുകൂല്യം കൈപ്പറ്റിയ സമയത്ത് പിതാവിന്റെ രജിസ്ട്രേഷൻ നിലവിലുണ്ടായിരുന്നോ എന്ന് വ്യക്തമല്ല. |

2. ഹാൽസിയൺ ട്രാൻസ്മിഷൻ ടെക്നോളജീസുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ ചട്ടപ്രകാരം കരാർ ഉടമ്പടി ഒപ്പുവച്ചിട്ടില്ല. ഇതിന് പകരം പ്രസ്തുത സ്ഥാപനത്തിൽ നിന്നും 200.00 രൂപയുടെ മുദ്രപ്പത്രത്തിൽ എഗ്രിമെന്റ് ഫോറം വാങ്ങി സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതിൽ വിവരങ്ങൾ എഴുതിച്ചേർക്കുകയോ, നിർവ്വഹണ ഉദ്യോഗസ്ഥൻ ഒപ്പുവയ്ക്കുകയോ ചെയ്തിട്ടില്ല.

3. ടെണ്ടർ അംഗീകരിച്ച പഞ്ചായത്ത് ഭരണസമിതി തീരുമാനം ഹാജരാക്കിയിട്ടില്ല.

4. ബിൽ തുകയിൽ നിന്നും 2% നിരക്കിൽ GST TDS ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.9/16.12.19 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ആകെ പ്രൊജക്ടിന് വേണ്ടി ചെലവഴിച്ച തുകയിൽ, മേൽ പട്ടികയിലെ ക്രമ നമ്പർ 1,2,3 എന്നിവ പ്രകാരം അർഹതയില്ലാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് ചെലവഴിച്ച തുക 3x24000=72000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നു. മേൽ പട്ടികയിലെ ക്രമ നമ്പർ 4,5,6,7,8,9,10,11 ഉപഖണ്ഡിക നമ്പർ 2,3,4 എന്നിവയിൽ പറഞ്ഞ അപാകതകളുടെ വെളിച്ചത്തിൽ പ്രൊജക്ട് ചെലവ് തുകയിൽ അവശേഷിക്കുന്ന തുക 360000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

# 3-2 എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അനുവദനീയമായതിലും കൂടുതൽ തുക നൽകി

പ്രൊജക്ട്-19/2019
ചെലവ്- 2,95,000 രൂപ ട്രഷറി ബിൽ നമ്പർ 6/7.1.19
നിർവ്വഹണം- അസിസ്റ്റന്റ് സെക്രട്ടറി

മേൽ പരാമർശിച്ച വൗച്ചർ പ്രകാരം മാറിയ തുകയിൽ 25,000 രൂപ ശ്രീ രാഹുൽ.പി.പി എന്ന വിദ്യാർത്ഥിക്ക് അനുവദിച്ചതാണ്. ലഭ്യമാക്കിയ രേഖകൾ പ്രകാരം ഈ വിദ്യാർത്ഥി എ.കെ.എൻ.എം പോളിടെക്നിക്ക് കോളേജിലെ ഒന്നാം സെമസ്റ്റർ ഇലക്ട്രോണിക് & കമ്മ്യൂണിക്കേഷൻ എഞ്ജിനീയറിംഗ് വിദ്യാർത്ഥിയാണ്. ജി.ഒ(എം.എസ്) 22/2018 ത.സ്വ.ഭ.വ തിയ്യതി 14.2.18 പ്രകാരമുള്ള മാർഗ്ഗ രേഖ പ്രകാരം പോളിടെക്നിക്ക് വിദ്യാർത്ഥികൾക്ക് അനുവദിക്കാവുന്ന സ്കോളർഷിപ്പ് തുക 20,000 രൂപ മാത്രമാണ്.

ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് അധികം നൽകിയ തുക 5000 രൂപ തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചു.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2018-19 | 19-07-19 മുതൽ 20-07-2019 വരെ | കെ.എസ്.എ.എം.പി.എം.16/1191/2019, തിയതി: 24-08-2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേരും നമ്പറും | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 200000 | 03/19,ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | 100000 | 05/19, സമഗ്ര പോഷകാഹാര പരിപാടി, സബല ഉൾപ്പടെ | 100000 | 0 |
| | 100000 | 28/19, പരിരക്ഷ പദ്ധതി | 46440 | 53560 |
| | 76500 | 35/19, പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 76500 | 0 |
| | 229500 | 37/19, നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 150000 | 79500 |
| | 2125000 | 42/19, ലൈഫ് ഭവന പദ്ധതി | 2125000 | 0 |
| ജില്ലാ പഞ്ചായത്ത് | 244210 (OB-5790) | 03/19, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 250000 | |
| | 1361520 | 42/19, ലൈഫ് ഭവന പദ്ധതി | 1332600 | 28920 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,തീയ്യതി | മുൻകൂർ നല്കിയ | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|

| | | | തുക | | | തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21800045/20.04.2018 | 40515 | 40515 | പൂർത്തീകരിച്ചു | - |
| | | 21800063/27.04.2018 | 34464 | 34464 | പൂർത്തീകരിച്ചു | - |
| | | 21800091/05.05.2018 | 23743 | 23743 | പൂർത്തീകരിച്ചു | - |
| | | 21800481/26.10.2018 | 33674 | 33674 | പൂർത്തീകരിച്ചു | - |
| | | 21800785/28.02.2019 | 25332 | 25332 | പൂർത്തീകരിച്ചു | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | - |

കുറിപ്പ്: മുഴുവൻ തുകയും ചെലവഴിച്ച് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ /വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാ വസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ് ഭവനം | GO(MS)942/2010/LSGD dt.15.08.2010 | 59,97,000 | (മുൻവർഷാവസാനം തിരിച്ചടക്കാനുണ്ടായിരുന്ന തുക 28-03-2018ന് തിരിച്ചടവാക്കി ലോൺ ക്ലോസ് ചെയ്തു) | - | - | - |
| 2 | ലൈഫ് ഭവന പദ്ധതി | GO(MS)68/2018/LSGD dt.18.05.2018 | 8607145 | - | - | - | 8607145 |

# 4-6 സ്ഥിര നിക്ഷേപം

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2018-19 വർഷത്തിൽ വരവ് ഇല്ല.

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2014-15 | 2(2), 2(3) | 2016-17 | അനുബന്ധം – 5 | 2(2) തൊഴിൽ നികുതിയിൽ ഇളവ് നല്കി- |

| | | | | |
|---|---|---|---|---|
| | | | | നഷ്ടം-4750/രൂപ<br>2(3) സ്ഥാപന തൊഴിൽ നികുതി -പിഴപ്പലിശ ഈടാക്കുന്നില്ല |
| 2015-16 | 2(2) | 2016-17 | അനുബന്ധം – 5 | തൊഴിൽനികുതി കുറവായി ഈടാക്കി - ഓഡിറ്റ് നിർദേശത്തെ തുടർന്ന് തുക അടവാക്കി. |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം.

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഉത്തരവാദി | സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ, | തുക | അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 2008-09 | 3-10 | സി.പി ഗോവിന്ദൻ | LF 10434/spl.cell/csc/2012 dt. 25.07.2014 | 20,000 + Interest | 20,000 | WP(c)1156/17 High Court of Kerala Interest stay 12.01.17 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 64265733 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 64500815 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 77000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1210424 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 72000 | ശ്രീ. സുരേഷ് ബാബു, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| 3-2 | - | 5000 | ശ്രീമതി. ജെമിനി ഇ.സി, അസി. സെക്രട്ടറി |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 360000 | ശ്രീ. സുരേഷ് ബാബു ബി, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| 1-17 | 418552 | ശ്രീ. സുരേഷ് ബാബു ബി, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| 1-21 | 185000 | ശ്രീ.എൻ എം ഷരീഫ്, സെക്രട്ടറി-80000/-<br>ശ്രീമതി.ജെമിനി ഇ.സി,സെക്രട്ടറി-ഇൻ ചാർജ്-105000/- |

| | | |
|---|---|---|
| 1-22 | 135840 | ശ്രീ.ടി.കെ.ബാബു, സക്രട്ടറി |
| 1-25 | 32919 | ഡോ. ജസീന ഹമീദ്, മെഡിക്കൽ ഓഫീസർ-പി.എച്ച്.സി |
| 1-26 | 78113 | ഡോ. ജസീന ഹമീദ്, മെഡിക്കൽ ഓഫീസർ-പി.എച്ച്.സി |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>
ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുരേഷ് ബാബു ബി, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്, പേക്കേജ് സ്കീം, താനൂർ. | ചാരുവിള വീട്,നല്ലില പി.ഒ, കൊല്ലം ജില്ല. |
| ശ്രീമതി. ജെമിനി ഇ.സി, അസി. സെക്രട്ടറി | അസി. സെക്രട്ടറി, പാമ്പാക്കുട ഗ്രാമപഞ്ചായത്ത്. | പുറപ്പിലക്കാട്ട് ഹൗസ്, മാറിക പി.ഒ, കൂത്താട്ടുകുളം, എറണാകുളം ജില്ല. |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | കെ.എസ്.എ.എം.പി.എം.16/1015/2018 തിയതി 23-05-2018 | 1 |
| 2003-04 | കെ.എസ്.എ.എം.പി.എം.16/1015/2018 തിയതി 23-05-2018 | 2 |
| 2004-05 | കെ.എസ്.എ.എം.പി.എം.16/1015/2018 തിയതി 23-05-2018 | 5 |
| 2005-06 | കെ.എസ്.എ.എം.പി.എം.17/3372/16 തിയതി 27-05-17 | 3 |
| 2006-07 | എൽ.എഫ്.എം16/1494/11 തിയതി 15-11-11 | 7 |
| 2007-08 | എൽ.എഫ്.എം17/2037/11 തിയതി 13-06-12 | 7 |
| 2008-09 | എൽ.എഫ്.എം16/2038/11 തിയതി 25-04-2012 | 18 |
| 2009-10, 2010-11 | എൽ.എഫ്.എം17/350/2014 തിയതി 5-6-14 | 21 |

| | | |
|---|---|---|
| 2011-12, 2012-13 | കെ.എസ്.എ.എം.പി.എം.17/1919/2016 19-09-2016 | 18 |
| 2013-14, 2014-15 | കെ.എസ്.എ.എം.പി.എം.16/2123/2017 തീയതി 11.01.2018 | 4 |
| 2015-16 | കെ.എസ്.എ.എം.പി.എം16/520/2019 തിയ്യതി 23.03.2019 | 11 |
| 2016-17 | കെ.എസ്.എ.എം.പി.എം.16/2353/2017 തിയതി 09.07.2018 | 12 |
| 2017-18 | കെ.എസ്.എ.എം.പി.എം.16/234/2019 തിയതി 10.06.2019 | 17 |

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്)

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.16/1191/2019


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

പിൻ-676505 ഫോൺ:04832734951

dompm.ksad@kerala.gov.in


തിയ്യതി: 24-08-2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 31.3.2019ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധ നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

# അനുബന്ധം-2 Audited Abstract

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |